(ഇ) 2010 ഷെഡ്യൂൾ പ്രകാരം ടെർമിനലിന്റെ നിർമ്മാണത്തിന് 967 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(എഫ്) തുറമുഖ നിർമ്മാണത്തിനും ടെർമിനലിനുമായി 226 ഹെക്ടർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ജി) ഇതിൽ കടൽനികത്തി 106 ഹെക്ടർ ഭൂമി ലഭ്യമാക്കണം എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(എച്ച്) 2010 ഒക്ടോബറിൽത്തന്നെ ഇതിനാവശ്യമായ അനുമതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. CRZ (Coastal Regulation Zone) ക്ലിയറൻസ് യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ സംസ്ഥാന സർക്കാരിന്റെ അപേക്ഷയും കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പഠിക്കാൻ പുതിയ കേന്ദ്ര സംഘം

13 (*13) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പഠിക്കാൻ പുതിയ കേന്ദ്രസംഘത്തെ നിയമിച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംഘത്തിൽ കേരളത്തിൽ നിന്നുമുള്ള പ്രതിനിധി വേണമെന്ന ആവശ്യം ഉന്നയിച്ചിരുന്നുവോ ;

(സി) കേന്ദ്രസംഘം പുതുതായി എന്തൊക്കെ പഠനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത് ;

(ഡി) പുതിയ പഠനസംഘത്തെ നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ-ഡി) രാജ്യത്തൊട്ടാകെ എൻഡോസൾഫാന്റെ ഉല്പാദനവും, വിപണനവും, ഉപയോഗവും സ്ഥിരമായി നിരോധിക്കണമെന്നും, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്കായി കേന്ദ്ര ധനസഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള സംസ്ഥാന കൃഷിമന്ത്രിയുടെ കത്തിനുള്ള കേന്ദ്ര കൃഷിമന്ത്രിയുടെ മറുപടിയിൽ ഒരു പഠന സമിതി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ചിട്ടുണ്ട് എന്നറിയിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് കേന്ദ്രമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഒരു പുനരധിവാസ പാക്കേജാണാവശ്യമെന്നും, പുതിയൊരു സമിതിയുടെ രൂപീകരണം ആവശ്യമില്ലെന്നും അറിയിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

14 (*14) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി എന്നാണ് വിഭാവനം ചെയ്തത് ; ആയതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് മതിപ്പ് ചെലവ് എത്ര വരും ; ആയത് എപ്രകാരം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കൊച്ചി മെട്രോ യാഥാർത്ഥ്യമാക്കാൻ സർക്കാർ ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി വിഭാവനം ചെയ്തത് 2004-ൽ ആണ്. പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനം നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സർക്കാർ അംഗീകരിക്കുകയും തത്വാധിഷ്ഠിത അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി ഡി. എം. ആർ. സി. മാതൃകയിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. തത്വാധിഷ്ഠിത അംഗീകാരം ലഭ്യമായിട്ടില്ലെങ്കിലും, പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 158.68 കോടി രൂപയാണ് ഇതിനുവേണ്ടി വരുന്ന ചെലവ്. പ്രാരംഭ പ്രവർത്തനങ്ങളുടെയും കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെയും സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഡി.എം.ആർ.സി. സമർപ്പിച്ച പുതുക്കിയ നിർദ്ദേശമനുസരിച്ച് 4427 കോടി രൂപ പദ്ധതിയുടെ മതിപ്പ് ചെലവായി. 2009-ൽ നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പങ്കാളിത്തത്തോടെയും JICA ലോൺ മുഖാന്തിരവും തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കൊച്ചി മെട്രോറെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഊർജ്ജിത നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ഇതുവരെ ലഭിക്കാത്തതാണ് മുഖ്യ പ്രതിബന്ധം. ആയതിനാൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരന്തരമായി കേന്ദ്ര സർക്കാരുമായി അംഗീകാരത്തിനായി ബന്ധപ്പെട്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly